# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2823** **06.11.2019 ലെ മറുപടി**

### നദികളിലെയും പുഴകളിലെയും മാലിന്യ പ്രശ്നം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>,, അൻവർ സാദത്ത്<br>,, അനിൽ അക്കര<br>,, വി.ടി.ബൽറാം : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഉപയോഗിച്ച പ്ലാസ്റ്റിക് കടിവെള്ള കുപ്പികൾ നദികളിലും, പുഴകളിലും നിക്ഷേപിക്കുന്നത് മൂലം ഉണ്ടായിട്ടുള്ള ഗുരുതരമായ മാലിന്യ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) 2017 ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ഭേദഗതി നിയമത്തിലൂടെ ഖര/ദ്രവ മാലിന്യങ്ങൾ നദികൾ, പുഴകൾ തുടങ്ങിയ ഇടങ്ങളിൽ നിക്ഷേപിക്കുന്നത് നിയന്ത്രിക്കുവാൻ കർശന ശിക്ഷാനടപടി കൊണ്ടുവന്നിട്ടുണ്ടെങ്കിലും അത് ഫലപ്രദമല്ലായെന്നതിനാൽ പ്രസ്തുത നിയമം കൂടുതൽ കർശനമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) 2018 ലെ കേരള ജലസേചനവും ജല സംരക്ഷണവും (ഭേദഗതി) നിയമം അനുസരിച്ച് ജലസ്രോതസ്സുകളിൽ ഒരു തരത്തിലുള്ള മാലിന്യവും (ഖര-ദ്രവ രൂപത്തിലുള്ളവ) നിക്ഷേപിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാലിന്യ നിക്ഷേപത്തിനെതിരെയുള്ള പരാതിയിൻമേലുള്ള അന്വേഷണത്തിൽ കുറ്റക്കാരനെന്ന് തെളിഞ്ഞാൽ കുറഞ്ഞത് ഒരു വർഷവും കൂടിയത് മൂന്ന് വർഷം വരെ തടവും പരമാവധി രണ്ട് ലക്ഷം രൂപ പിഴയും ഈടാക്കുംവിധമാണ് നിയമത്തിൽ മാറ്റം വരുത്തിയത്. ബന്ധപ്പെട്ട പോലീസ് അധികൃതരാണ് പരാതി അന്വേഷിച്ച് ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ |

കേസ് ഫയൽ ചെയ്യേണ്ടത്. ജലസ്രോതസ്സുകളിലെ മാലിന്യനിക്ഷേപം ശ്രദ്ധയിൽപ്പെടുന്ന ഏതൊരാൾക്കും കേസ് കൊടുക്കാവുന്നതാണ്. നിയമം കൂടുതൽ കർശനമാക്കുന്നതിനേക്കാൾ അഭികാമ്യം നിലവിലുള്ള നിയമത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുക എന്നതാണ്. മാലിന്യനിക്ഷേപം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കണമെന്ന് ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ